"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- കാസറഗോഡ് ജില്ലയിൽ മധൂർ ഗ്രാമ പഞ്ചായത്തിലെ ക്ലാർക്ക് ആയി ജോലി നോക്കി വരുന്ന ശ്രീഷജിത്ത് കുമാർ കെ.ടി. യ്ക്ക്, കാസറഗോഡ് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.135/2022/LSGD തീയതി,തിരുവനന്തപുരം, 25-06-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 11.05.2021 ലെ ഇ6-4786/21 നംപർ കത്ത്.

**ഉത്തരവ്**

100% കാഴ്ച വൈകല്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ക്ലറിക്കൽ ജോലികൾ ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുമെന്നതിനാൽ, ഭിന്നശേഷി വിഭാഗത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിക്കുകയും നിലവിൽ കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയി ജോലി നോക്കി വന്നിരുന്ന ശ്രീ.ഷജിത്ത് കുമാർ കെ.ടി., തന്നെ സഹതാപാർഹമായ പരിഗണന നല്കി അനുയോജ്യമായ സൂപ്പർന്യൂമററി തസ്തികയിൽ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുകയും, മേൽ അപേക്ഷ പരിഗണിച്ച്. 2016 ലെ The Rights of Persons With Disabilities Act Section 20 പ്രകാരമുള്ള ആനുകൂല്യം ടിയാന് അനുവദിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്ന് ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി

2. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഷാജിത്ത് കുമാറിന് കാഴ്ചശക്തി കുറഞ്ഞുവരുന്ന അവസ്ഥയുള്ളതിനാൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ഇനി കഴിയില്ലായെന്നതിനാൽ, ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും സഹതാപർഹമായ കാരണങ്ങളാലും കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാന് നിയമനം നൽകാവുന്നതാണെന്നും ആയതിന്മേൽ നയപരമായ തീരുമാനമെടുക്കുന്നതിലേയ്ക്കായി ശ്രീ ഷജിത്ത് കുമാർ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും അനുകൂല ശിപാർശ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി. ടിയാന് 100% കാഴ്ച വൈകല്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ള കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിന്നുള്ള ഡിസെബിലിറ്റി സർട്ടിഫിക്കറ്റും, The Rights of Persons with Disabilities Act — 2016 ന്റെ

ആനുകൂല്യത്തിന് ശ്രീ.ഷജിത്ത് കുമാർ അർഹനാണെന്ന മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കുകയുണ്ടായി .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ശ്രീ.ഷജിത്ത് കുമാറിന് 100% കാഴ്ച ശക്തിയില്ല എന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടിയാനെ മറ്റ് ഏതൊരു തസ്തികയിൽ നിയമിച്ചാലും ടി തസ്തികകളിലെ ജോലികൾ നിർവ്വഹിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിലും, സമാന ശമ്പള സ്കെയിലിലും സേവന ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേയ്ക്ക് ടിയാനെ മാറ്റി നിയമിക്കുവാൻ യോജ്യമായ തസ്തിക വകുപ്പിൽ നിലവിലില്ലാത്ത സാഹചര്യത്തിലും .The Rights of Persons with Disabilities Act – 2016 Chapter IV – 20 (4) ലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഒരു ടെലഫോൺ ഓപ്പറേറ്ററുടെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച്, ടിയാൻ വിരമിക്കുമ്പോൾ പ്രസ്തുത തസ്തിക ഇല്ലാതാകുമെന്ന നിബന്ധനയോടെ, നിലവിലെ ചട്ടങ്ങളിൽ ഇളവ് നൽകി കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് ആയ ശ്രീ. ഷജിത്ത് കുമാർ.കെ.ടി യ്ക്ക്, പ്രസ്തുത തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, മധൂർ ഗ്രാമപഞ്ചായത്ത്. കാസറഗോഡ്

ശ്രീ ഷജിത്ത് കുമാർ, ക്ലാർക്ക്, മധൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്

പ്രിൻസിപ്പൽ എ.ജി (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്.

സാമൂഹ്യ നീതി വകുപ്പ്(22.04.2022 ലെ ബി3/92/2022/സാനീവ നമ്പർ കുറിപ്പ് പ്രകാരം)

ധന വകുപ്പ് (24.05.2022 ലെ ധെവ-1/142/2021/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ഫയൽ നം. ഇപിഎ1/100/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 25-06-2022 11:34:10**

സെക്ഷൻ ഓഫീസർ